(സി) ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രകാരം ഇതുവരെ ചെറുകിട ജലസേചന പ്രവർത്തനങ്ങളുടെ ഭാഗമായി പായിത്തലക്കുളം നവീകരണ പ്രവർത്തനം പൂർത്തിയാക്കി. ഈ പ്രവർത്തിക്ക് 6,77,227 രൂപ ചെലവായി. ഭാഗീകമായി പൂർത്തിയാക്കിയ മേലെചിറക്കുളത്തിന്റെ നവീകരണത്തിന് 4,84,435 രൂപയും പായിത്തലക്കുളം നവീകരണത്തിന് 5,26,411 രൂപയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് 3,42,582.50 രൂപയും കൃഷിക്കായി 1,02,328 രൂപയും ഗുണഭോക്തൃ കമ്മിറ്റികൾ ചെലവഴിച്ചിട്ടുണ്ട്.

ഈ സമഗ്ര നീർത്തട പദ്ധതിയിലെ മഴവെള്ള സംഭരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 3,10,000 രൂപ ചെലവിൽ 5 മഴവെള്ള സംഭരണ യൂണിറ്റുകൾ ജനപങ്കാളിത്തത്തോടെ കൈരളി കോളനിയിലെ 26 വീടുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കി.

(ഡി) പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ തിട്ടപ്പെടുത്തുവാൻ സാധിച്ചില്ല.

നാദാപുരം നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

45 [1023] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പൂർത്തിയാകാത്തതും കമ്മീഷൻ ചെയ്യാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം കാരണങ്ങളാലാണ് പ്രസ്തുത പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നതെന്നും ഇത് പൂർത്തിയാകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇക്കഴിഞ്ഞ രൂക്ഷമായ വരൾച്ചാ സമയത്ത് ഈ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഓഞ്ചിയം, ചോറോട്, ഏറാമല, വില്യാപള്ളി, നാദാപുരം, തൂണേരി തുടങ്ങിയ വില്ലേജുകളിലേക്കുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ നാദാപുരം, തൂണേരി പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി.

2. നാദാപുരം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

3. നാദാപുരം പഞ്ചായത്തിലെ മലയിൽ ലക്ഷംവീട് കോളനി ശുദ്ധജല വിതരണ പദ്ധതി.

4. വാണിമേൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

5. വാണിമേൽ പഞ്ചായത്തിലെ ഭൂമി വാതുക്കൽ ശുദ്ധജലവിതരണ പദ്ധതി.

6. വാണിമേൽ പഞ്ചായത്തിലെ കാപ്പുകുന്ന് ശുദ്ധജലവിതരണ പദ്ധതി.

7. വാണിമേൽ പഞ്ചായത്തിലെ അടുപ്പിൽകെട്ടിൻ കോളനി ശുദ്ധജല വിതരണ പദ്ധതി.

8. ചെക്യാട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

9. എടച്ചേരി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

10. എടച്ചേരി പഞ്ചായത്തിലേക്കുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

11. കാവിലുംപാറ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

12. കായപ്പൊടി-കാവിലുംപാറ ശുദ്ധജലവിതരണ പദ്ധതി.

13. കാവിലുംപാറ പഞ്ചായത്തിലെ ഓടംകോട്ടുമ്മൽ കോളനി ശുദ്ധജല വിതരണ പദ്ധതി.

14. കാവിലുംപാറ പഞ്ചായത്തിലെ പൊയിൽ കോളനി ശുദ്ധജലവിതരണ പദ്ധതി.

15. കാവിലുംപാറ പഞ്ചായത്തിലെ നാഗംപാറ കോളനി ശുദ്ധജലവിതരണ പദ്ധതി.

16. കാവിലുംപാറ പഞ്ചായത്തിലെ കുടലിൽ കോളനി ശുദ്ധജലവിതരണ പദ്ധതി.

17. കാവിലുംപാറ പഞ്ചായത്തിലെ കുണ്ടുതോട്-67 ശുദ്ധജലവിതരണ പദ്ധതി.

18. നരിപ്പറ്റ പഞ്ചായത്തിലെ കൊയ്യാൻകുന്ന് ശുദ്ധജലവിതരണ പദ്ധതി.

19. നരിപ്പറ്റ പഞ്ചായത്തിലെ എറംകോട്ടുമ്മൽ ശുദ്ധജലവിതരണ പദ്ധതി.

20. നരിപ്പറ്റ പഞ്ചായത്തിലെ ചെമ്പിലോറമല ശുദ്ധജലവിതരണ പദ്ധതി.

21. കാവിലുംപാറ പഞ്ചായത്തിലെ കണ്ണിമറ്റം ശുദ്ധജലവിതരണ പദ്ധതി.

(ബി ആന്റ് സി) വിശദവിവരം അനുബന്ധം 7-ൽ കൊടുത്തിട്ടുണ്ട്.†

(ഡി) പരിഗണനയിലുണ്ട്. പുതുതായി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 7(a)-ൽ ചേർത്തിരിക്കുന്നു.††

(ഇ) വരൾച്ചാ സമയത്ത് ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പണി പുരോഗമിച്ചുവരുന്നു.

1. ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഓഞ്ഞിയം-ചോറോട് പദ്ധതിയിൽ നിന്നും നാദാപുരം പഞ്ചായത്തിലെ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി.

---

† അനുബന്ധം 7

†† അനുബന്ധം 7(a)

LIBRARY ARCHIVES Kerala Legislative Assembly

2. ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി എടച്ചേരി പഞ്ചായത്തിലെ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി.

3. കുണ്ടുതോട്-67 ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിടം വൃത്തിയാക്കി ജലനിരപ്പ് ഉയർത്തുന്ന പ്രവൃത്തി. പണി പൂർത്തിയാക്കിയിട്ടുണ്ട്.

4. ചെമ്പിലോറമല ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിടം വൃത്തിയാക്കി ജലനിരപ്പ് ഉയർത്തുന്ന പ്രവൃത്തിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

5. തോട്ടിൽപ്പാലം പുഴയിൽ താൽക്കാലിക തടയണകെട്ടി പുഴയിൽ ജലനിരപ്പ് ഉയർത്തി ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്ന പ്രവൃത്തി. പണി പൂർത്തിയാക്കി.

6. കുണ്ടുതോട് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

7. നാദാപുരം പഞ്ചായത്തിലെ മലയിൽ ലക്ഷംവീട് കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ തകരാറായ പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും കിണറിന്റെ ആഴം കൂട്ടുന്ന പണിയും പൂർത്തിയായിട്ടുണ്ട്.

8. പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് പദ്ധതി പ്രകാരം ചെക്യാട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി.

കൈനിക്കര വാട്ടർ ടാങ്കിൽ തിരുവല്ലയിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനു നടപടി

46 [1024] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം എത്തിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ 1989-ൽ നിർമ്മിച്ച വാട്ടർ ടാങ്കിൽ തിരുവല്ലയിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനു നടപടി ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ പണി പൂർത്തിയായ സാഹചര്യത്തിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവല്ലയിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനാണ് കുട്ടനാട് ശുദ്ധജല വിപുലീകരണ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിനായി പള്ളിക്കുട്ടുമ്മ ജലസംഭരണിയിൽ നിന്നും 200 എം.എം. സി.ഐ. പൈപ്പ് ലൈൻ ടെക്നോളജി മിഷന്റെ ഒന്നാം ഘട്ട വിപുലീകരണ പദ്ധതിയിൽപ്പെടുത്തി സ്ഥാപിച്ചിരുന്നു. തുടർന്ന് കനാൽ ക്രോസിംഗുകളുടെ പണി പൂർത്തികരിച്ചുവെങ്കിലും പള്ളിക്കുട്ടുമ്മ ജലസംഭരണിയിൽ കൈനകരി പഞ്ചായത്തിലേക്കാവശ്യമായ ജലം കൂടുതലായി ലഭ്യമാകാത്തതിനാൽ പമ്പിംഗ് ആരംഭിച്ച് ഇതുവരെയും പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നീരേറ്റുപുറത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 18 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പൂർത്തീകരണത്തോടെ കൈനകരിക്ക് ആവശ്യമുള്ള ജലം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII (a)

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 45 (1023) കാണുക]

പുതുതായി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികൾ	*കാറ്റഗറി*	*എസ്റ്റിമേറ്റ് തുക (ലക്ഷം രൂപ)*
1. കാവിലുംപാറ പഞ്ചായത്തിലെ കൊടച്ചാടി മിച്ചഭൂമി ശുദ്ധജല വിതരണ പദ്ധതി	പി.എം.ജി.വൈ.	5.50
2. കാവിലുംപാറ പഞ്ചായത്തിലെ കമുകിൻകീഴ് ശുദ്ധജല വിതരണ പദ്ധതി	പി.എം.ജി.വൈ.	5.25
3. വാണിമേൽ പഞ്ചായത്തിലെ കുറ്റല്ലൂർ കോളനി ശുദ്ധജല വിതരണ പദ്ധതി	AR WSS/SC/ST (കളക്ടറുടെ ഫണ്ട്)	6.50
4. വാണിമേൽ പഞ്ചായത്തിലെ പണിയേരി കോളനി ശുദ്ധജല വിതരണ പദ്ധതി	AR WSS/SC/ST	8.00
5. ചെക്യാട് പഞ്ചായത്തിലെ എളംപൊയിൽ കോളനി ശുദ്ധജല വിതരണ പദ്ധതി	,,	15.00
6. ചെക്യാട് പഞ്ചായത്തിലെ ചിറ്റാരി കോളനി ശുദ്ധജല വിതരണ പദ്ധതി	AR WSS/SC/ST (കളക്ടറുടെ ഫണ്ട്)	10.00
7. വളയം പഞ്ചായത്തിലെ കണിവാതുക്കൽ കോളനി ശുദ്ധജല വിതരണ പദ്ധതി	AR WSS/SC/ST (കളക്ടറുടെ ഫണ്ട്)	17.00

LIBRARY ARCHIVES Kerala Legislative Assembly